ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:18-07-2024**

## പ്രധാനവാർത്തകൾ

1). **വടക്കൻ കേരളത്തിൽ അതിശക്തമായ മഴ തുടരുന്നു. വയനാട്ടിലും കണ്ണൂരിലും ഇന്ന് ചുവപ്പുജാഗ്രത. എട്ട് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും നാല് ജില്ലയിൽ മഞ്ഞ ജാഗ്രതയും തുടരുന്നു.**

2). **നദികളിൽ ജലനിലപ്പ് ഉയരുന്നു. മഞ്ഞ ജാഗ്രത പ്രഖ്യാപിച്ച് കേന്ദ്രജലകമ്മീഷൻ. കേരള, കർണ്ണാടക, ലക്ഷദ്വീപ് തീരങ്ങളിൽ മീൻപിടുത്തത്തിന് കർശന വിലക്ക്**

3). **ജസ്റ്റിസുമാരായ എൻ കോടീശ്വർ സിംഗും, ആർ മഹാദേവനും സുപ്രീംകോടതി ജഡ്ജിമാരായ സത്യപ്രതിജ്ഞ ചെയ്തു.**

4). **ലോകപ്രശസ്ത ഹൃദയ ശസ്ത്രക്രിയാ വിദഗ്ദ്ധൻ ഡോക്ടർ എം.എസ് വല്യത്താന് അന്ത്യാഞ്ജലി. വിട പറഞ്ഞത് ജനകീയ ഭിഷഗ്വരനെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**

5). **മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ ഒന്നാം ചരമവാർഷികാചരണം പുതുപ്പള്ളിയിൽ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ ഉദ്ഘാടനം ചെയ്തു.**

**************************************************************************

RNU TVPM

**മഴ - സംസ്ഥാനം**

കേരളത്തിൽ  കനത്ത മഴ തുടുരുന്നു. വയനാട്, കണ്ണൂർ ജില്ലകളിൽ അതി തീവ്രമഴയ്ക്കുള്ള ചുവപ്പു ജാഗ്രത പ്രഖ്യാപിച്ചു. കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കാസർകോട് ജില്ലകളിൽ ഓറഞ്ച് ജാഗ്രത തുടരുന്നു. തിരുവനന്തപുരം, കൊല്ലം പത്തനംതിട്ട, ആലപ്പുഴ ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. നാളെ മധ്യ, പടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിനും വടക്കു പടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിനും മുകളിലായി ന്യൂനമർദ്ദം രൂപപ്പെടുന്നതോടെ മഴ കൂടുതൽ ശക്തമാകുമെന്നാണ് മുന്നറിയിപ്പ്.  ഇടുക്കിയിൽ മലങ്കര ഡാമിൻറെ എല്ലാ ഷട്ടറും അമ്പത് സെൻറിമീറ്റർ വീതം ഉയർത്തി. മൂവാറ്റുപുഴ, തൊടുപുഴ തീരുത്തുള്ളവർ ജാഗ്രത പുലർത്തണം. വയനാട് ജില്ലയിൽ അംഗൻവാടികൾ അടക്കം എല്ലാ വിദ്യാഭ്യാ സ്ഥാപനങ്ങൾക്കും ഇന്ന് അവധിയാണ്. കോഴിക്കോടും പത്തനംതിട്ടയും ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിക്കുന്ന വിദ്യാലയങ്ങൾക്ക് ഇന്ന് അവധി.

*************************************************************************

**മീൻപിടിത്തം പാടില്ല**

കേരളം, കർണ്ണാടക, ലക്ഷദ്വീപ് തീരങ്ങളിൽ 55 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ ഞായർ വരെ മീൻപിടിക്കാൻ പോകരുത്. കേരളതീരത്ത്  ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുള്ളതിനാൽ ജാഗ്രത പാലിക്കണം. തൃശൂർ, കോഴിക്കോട്, കണ്ണൂർ, കാസർകോട് തീരങ്ങളിൽ പ്രത്യേക  ജാഗ്രത വേണം.

*************************************************************************

**മത്സ്യത്തൊഴിലാളികൾക്ക് പരിക്ക്**

മാഹി തുറമുഖത്തുനിന്ന് മീൻപിടിക്കാൻ പോയ തോണി മറിഞ്ഞ്  രണ്ട് മത്സ്യത്തൊഴിലാളികൾക്ക് പരിക്കേറ്റു. മറ്റൊരു തോണിയിലെ മത്സ്യത്തൊഴിലാളികൾ ഇവരെ രക്ഷപ്പെടുത്തി കരയിലെത്തിച്ചു.

RNU TVPM

*************************************************************************

**കണ്ണൂർ - (ഇൻട്രോ)**

കണ്ണൂർ ജില്ലയിൽ രാവിലെ മുതൽ അതിശക്തമായ മഴയാണ് പെയ്യുന്നത്. വളപട്ടണം, ശ്രീകണ്ഠപുരം, ചെങ്ങളായി, കക്കാട് പുഴകൾ നിറഞ്ഞൊഴുകുകയാണ്.
വിശദാംശങ്ങളുമായി ആകാശവാണി
കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ ശശിധരൻ....
(വോയിസ്.........)

*************************************************************************

**മഴ -കൊച്ചി**

കനത്ത മഴയെ തുടർന്ന് കണ്ണൂരിലിറക്കാൻ കഴിയാതെ എയർ ഇന്ത്യാ എക്സ്പ്രസ് വിമാനം നെടുമ്പാശേരിയിലിറക്കി. പുലർച്ചെ കുവൈത്തിൽ നിന്നെത്തിയ വിമാനമാണ് നെടുമ്പാശേരിയിലിറക്കിയത്. കനത്ത മഴയിൽ കൊച്ചി മെട്രോ ട്രാക്കിലേക്ക് ഫ്ളക്സ് ബോർഡ് മറിഞ്ഞു വീണ് അപകടമുണ്ടായി.

*************************************************************************

**കണ്ണൂർ - കാലവർഷം**

കാലവർഷക്കെടുതിയിൽ കണ്ണൂർ ജില്ലയിൽ 10 വീടുകൾ പൂർണമായും 218 വീടുകൾ ഭാഗികമായും തകർന്നു. കാലവർഷത്തിൽ ഇതുവരെ ജില്ലയിൽ 10 മുങ്ങി മരണങ്ങളും റിപ്പോർട്ട് ചെയ്തു.

*************************************************************************

**കോഴിക്കോട് മഴ - (ഇൻട്രോ)**

കോഴിക്കോട് ജില്ലയിലെ മലയോര മേഖലകളിൽ
മഴ ശക്തമായി തുടരുന്നു. പുഴകളിലും ജലസംഭരണികളിലും ജലനിരപ്പ് ഉയർന്നു.
കൂടുതൽ വിവരങ്ങളുമായി ആകാശവാണി
കോഴിക്കോട് ജില്ല പ്രതിനിധി നസീർ ബാബു.
(വോയിസ്....................)

RNU TVPM

****************************************************************************

**കോഴിക്കോട് - വെള്ളക്കെട്ട്**

കോഴിക്കോട്- ബാലുശ്ശേരി റൂട്ടിൽ യാത്ര ദുഷ്ക്കരമായി. തണ്ണീർ പന്തലിൽ റോഡിലെ വെള്ളക്കെട്ട് കാരണം ബസുകൾ വഴിതിരിച്ചുവിടുന്നു.

****************************************************************************

**ആലപ്പുഴ - (ഇൻട്രോ)**

ആലപ്പുഴ ജില്ലയുടെ വിവിധ പ്രദേശങ്ങളിൽ മഴ തുടരുന്നു. മഴക്കെടുതിയും രൂക്ഷം.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി
ആലപ്പുഴ ജില്ലാ പ്രതിനിധി ആർ രവികുമാർ....

(വോയിസ്................)

****************************************************************************

**പ്രളയ മുന്നറിയിപ്പ്**

നദികളിലെ ജലനിരപ്പ് അപകടകരമായി ഉയരുന്ന സാഹചര്യത്തിൽ കേന്ദ്ര ജല കമ്മീഷൻ മഞ്ഞ അലർട്ട് പ്രഖ്യാപിച്ചു. പത്തനംതിട്ട ജില്ലയിലെ മണിമല ആറ്, ഇടുക്കി ജില്ലയിലെ തൊടുപുഴയാറ്, തൃശൂർ ജില്ലയിലെ കരുവന്നൂർ നദി, ഗായത്രി പുഴ, കോഴിക്കോട് ജില്ലയിലെ കുറ്റിയാടിപുഴ എന്നിവിടങ്ങളിലാണ് കേന്ദ്ര ജല കമ്മീഷൻ മഞ്ഞ അലർട്ട് പ്രഖ്യാപിച്ചത്. ഈ നദികളുടെ തീരത്തോട് ചേർന്ന് താമസിക്കുന്നവർ ജാഗ്രത പാലിക്കണം.

****************************************************************************

**കാസർകോട്- (ഇൻട്രോ)**

കാസർകോട് ജില്ലയിൽ നാല് ദിവസമായി തുടരുന്ന മഴയിൽ വൻ നാശനഷ്ടം.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കാസർകോട് ജില്ലാ പ്രതിനിധി പി. ജഗന്നിവാസൻ..

(വോയിസ്...........)

RNUTVPM

**************************************************************************

**<u>ലക്ഷദ്വീപ് - മഴ</u>**

ലക്ഷദ്വീപിലെ എല്ലാ ദ്വീപുകളിലും നാലുദിവസമായി ശക്തമായ കാറ്റും മഴയും തുടരുന്നു. മത്സ്യത്തൊഴിലാളികൾ കടലിൽ പോകരുതെന്ന് മുന്നറിയിപ്പ്.

**************************************************************************

**<u>സുപ്രീംകോടതി ജഡ്ജിമാർ</u>**

സുപ്രീം കോടതിയിൽ രണ്ട് പുതിയ ജഡ്ജിമാർ കൂടി സത്യപ്രതിജ്ഞചെയ്ത് അധികാരമേറ്റു. ജസ്റ്റിസുമാരായ എൻ കോടീശ്വർ സിംഗ്, ആർ മഹാദേവൻ എന്നിവർക്ക് ചീഫ് ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡ് സത്യവാചകം ചൊല്ലികൊടുത്തു. ഇതോടെ സുപ്രീംകോടതി ജഡ്ജിമാരുടെ അംഗബലം 34 ആയി.

**************************************************************************

**<u>ഛത്തീസ് ഗഡ് - വീരമൃത്യു</u>**

ഛത്തിസ്ഗഢിൽ മാവോയിസ്റ്റുകളുമായി ഉണ്ടായ ഏറ്റുമുട്ടലിൽ രണ്ട് ജവാന്മാർക്ക് വീരമൃത്യു. നാല് സൈനികർക്ക് പരിക്കേറ്റിട്ടുണ്ട്. ബിജാപ്പൂർ സുക്മ ജില്ലകളുടെ അതിർത്തി പ്രദേശത്ത് മാവോയിസ്റ്റുകൾക്കായി തിരച്ചിൽ നടത്തുന്നതിനിടെയായിരുന്നു ആക്രമണം.

PIJU TVPM

**************************************************************************

**<u>ഡോ.എം.എസ് വല്യത്താൻ</u>**

ലോകപ്രശസ്ത ഹൃദയശസ്ത്രക്രിയ വിദഗ്ധൻ ഡോ. എം.എസ്. വല്യത്താൻ അന്തരിച്ചു. ഇന്നലെ രാത്രി മണിപ്പാലിൽ വച്ചായിരുന്നു അന്ത്യം. തിരുവനന്തപുരം. ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിൻറെ സ്ഥാപക ഡയറക്ടറും മണിപ്പാൽ യൂണിവേഴ്സിയുടെ ആദ്യ വി.സിയുമായിരുന്നു. ശ്രീചിത്രയിലെ കൃത്രിമ ഹൃദയ വാൽവുകളുടെ നിർമാണ പ്രക്രിയയിൽ ഡോ. വല്യത്താൻ വഹിച്ച പങ്ക് വളരെ വലുതാണ്. 2005-ൽ രാജ്യം പത്മവിഭൂഷൺ നൽകി ആദരിച്ചു.

**************************************************************************

**ഡോ.എം.എസ് വല്യത്താൻ-അനുശോചനം**

വൈദ്യശാസ്ത്ര ലോകത്തിന് കേരളം നൽകിയ മഹത്തായ സംഭാവനയാണ് ഡോ. എം എസ് വല്യത്താനെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചന സന്ദേശത്തിൽ പറഞ്ഞു. പരമ്പരാഗതവും ആധുനികവുമായ ചികിത്സാ സമ്പ്രദായങ്ങളെ സമന്വയിപ്പിച്ച് മുന്നോട്ടുപോയ ജനകീയ ഭിഷഗ്വരനായിരുന്നു അദ്ദേഹമെന്നും മുഖ്യമന്ത്രി അനുസ്മരിച്ചു. ഡോ. എം.എസ്. വല്യത്താൻ ആരോഗ്യമേഖലയ്ക്ക് നൽകിയ സംഭാവനകൾ നിസ്തുലമാണെന്ന് മന്ത്രി വീണാ ജോർജ് അനുസ്മരിച്ചു.

**************************************************************************

**ഉമ്മൻചാണ്ടി - അനുസ്മരണ ചടങ്ങ്**

മുൻ മുഖ്യമന്ത്രിയും കോൺഗ്രസ് നേതാവുമായിരുന്ന ഉമ്മൻചാണ്ടിയുടെ ഒന്നാം ചരമവാർഷികാചരണം ഉമ്മൻചാണ്ടി ഫൗണ്ടേഷന്റെ നേതൃത്വത്തിൽ പുതുപ്പള്ളിയിൽ നടക്കുന്നു. ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ ഉദ്ഘാടനം ചെയ്തു. ഓർത്തഡോക്സ് സഭാ അധ്യക്ഷൻ മാർതോമാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവ അധ്യക്ഷനായി. ഉച്ച കഴിഞ്ഞ് മൂന്നിന് കോട്ടയത്ത് നടക്കുന്ന അനുസ്മരണ സമ്മേളനം എഐസിസി ജനറൽ സെക്രട്ടറി കെ സി വേണുഗോപാൽ ഉദ്ഘാടനം ചെയ്യും. തിരുവനന്തപുരം വെള്ളയമ്പലത്ത് സംഘടിപ്പിക്കുന്ന സെമിനാർ മുതിർന്ന മുതിർന്ന നേതാവ് രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്യും. വൈകിട്ട് അനുസ്മരണ സമ്മേളനം പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ ഉദ്ഘാടനം ചെയ്യും.

**************************************************************************

**പാസിങ് ഔട്ട് പരേഡ്**

സിവിൽ എക്സൈസ് ഉദ്യോഗസ്ഥരുടെ പാസിങ് ഔട്ട് പരേഡ് തിരുവനന്തപുരത്ത് നടന്നു. തൈക്കാട് പോലീസ് ഗ്രൗണ്ടിൽ പാസിങ് ഔട്ട് പരേഡിന് മന്ത്രി എം ബി രാജേഷ്

RNUTVPM

അഭിവാദ്യം സ്വീകരിച്ചു. 173 ഉദ്യോഗസ്ഥരാണ് ട്രെയിനിങ് പൂർത്തിയാക്കിയത്.

**************************************************************************

**ദേശീയപാത വികസനം**

എറണാകുളം ബൈപാസ് , കൊല്ലം - ചെങ്കോട്ട ദേശീയപാത എന്നിവയുടെ നിർമാണത്തിൽ ഇളവുകൾ നൽകി സംസ്ഥാന സർക്കാർ. രണ്ടു പാതകളുടെ നിർമാണത്തിനും ജി.എസ്.ടി വിഹിതവും, റോയൽറ്റിയും ഒഴിവാക്കി പൊതുമരാമത്ത് വകുപ്പ് ഉത്തരവ് ഇറക്കി. 741.35 കോടി രൂപയുടെ സാമ്പത്തിക ബാധ്യതയാണ് ഇതിലൂടെ സംസ്ഥാനത്തിന് ഉണ്ടാവുക. ദേശീയപാത വികസനം സാധ്യമാക്കുന്നതിന് സംസ്ഥാന സർക്കാർ പ്രതിജ്ഞാബദ്ധമായാണ് പ്രവർത്തിക്കുന്നതെന്ന് മന്ത്രി പി എ മുഹമ്മദ് റിയാസ് പറഞ്ഞു. നേരത്തെ ദേശീയപാത - 66 ൻറെ വികസനത്തിന് സംസ്ഥാനം 5,580 കോടി രൂപ നൽകിയിരുന്നു.

**************************************************************************

**വനിതാ ക്രിക്കറ്റ്**

ഏഷ്യ കപ്പ് വനിതാ ട്വൻറി-20 ക്രിക്കറ്റ് ടൂർണമെൻറിന് ശ്രീലങ്കയിൽ നാളെ തുടക്കമാകും. ഹർമൻപ്രീത് കൗർ ഇന്ത്യൻ സംഘത്തെ നയിക്കും.

**************************************************************************

**ആദിവാസി കുടുംബങ്ങൾ**

ചാലിയാർ പുഴയിൽ ജലനിരപ്പുയർന്നതിനെ തുടർന്ന് വനത്തിൽ ഒറ്റപ്പെട്ട ആദിവാസി കുടുംബങ്ങൾക്ക് ഭക്ഷ്യവസ്തുക്കൾ എത്തിച്ചു നൽകി. പോത്തുകൽ മുണ്ടേരിയിൽ ചാലിയാറിനക്കരെ വനത്തിൽ താമസിക്കുന്ന വർക്കാണ് ഐ.ടി.ഡി.പി, റവന്യു വിഭാഗങ്ങളുടെ നേതൃത്വത്തിൽ അഗ്നിരക്ഷാ സേനയുടെ സഹായത്തോടെ ഭക്ഷ്യവസ്തുക്കൾ എത്തിച്ചു നൽകിയത്.

*******************************************************************************************

*******

RNU TVPM